പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4507 | 21.03.2016 ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുവാൻ തീരുമാനിച്ചിരുന്നു; | (എ)<br>&<br>(ബി) | തിരുവനന്തപുരം ജില്ലയിൽ നിന്നും 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരെഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ നിന്നും 8 കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്നതിൽ 7 എണ്ണം പ്രവർത്തന സജ്ജമാക്കുകയും ഒരു കേന്ദ്രത്തിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. ഇവയെല്ലാം മാർച്ച് മാസം അവസാനത്തോടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഇതിൽ ഇതുവരെ എത്ര കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തനം ആരംഭിച്ചു; ശേഷിക്കുന്നവ എന്നത്തേക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ കഴിയും; | | |
| (സി) | പദ്ധതിയുടെ ഭാഗമായുള്ള കുടുംബാരോഗ്യ സർവ്വേ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും; | (സി) | സംസ്ഥാനത്തെ 14 ജില്ലകളിലും demographic survey (വ്യക്തി, വീട്, ഗ്രാമം) എന്നിവ ഉൾപ്പെടുത്തിയുള്ള വിവര ശേഖരണമാണ് നടന്നു വരുന്നത്. സംസ്ഥാനത്താകെ ഇതു പൂർത്തീകരിച്ചതിനു ശേഷം മാത്രമേ കുടുംബാരോഗ്യ സർവ്വേ ആരംഭിക്കുകയുള്ളൂ. ഇതിലൂടെ ഒരു കുടുംബത്തിൽപ്പെട്ട മുഴുവൻ ആളുകളുടെയും ആരോഗ്യ വിവരങ്ങൾ നിരന്തര സമ്പർക്കത്തിലൂടെ ആവർത്തിച്ച് ശേഖരിക്കുകയും ആരോഗ്യ സൂചികകൾ അനുസരിച്ച് അതാത് കുടുംബങ്ങളുടെ സമഗ്ര ആരോഗ്യരേഖ പ്രധാന data centre-ൽ ക്രോഡീകരിച്ച് സൂക്ഷിക്കാനും ഏതൊരാളുടെയും രോഗനിർണ്ണയത്തിന് കേരളത്തിൽ എവിടെയും ലഭ്യമാക്കാനുമാണ് കുടുംബാരോഗ്യ സർവ്വേ ലക്ഷ്യമിടുന്നത്. |
| (ഡി) | കുടുംബാരോഗ്യ കേന്ദ്രമാക്കിയ സ്ഥാപനങ്ങളിൽ ആവശ്യമായ ഡോക്ടർമാരെയും നേഴ്സുമാരെയും നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ എല്ലാ സ്ഥാപനങ്ങളിലും 1 ഡോക്ടർ, 2 സ്റ്റാഫ് നേഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ